"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിൽ ക്രമക്കേടുണ്ടെന്ന പരാതിയിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- റിപ്പോർട്ടിലെ ശുപാർശകളിൽ തുടർ നടപടി തീർപ്പാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ)നം. /2025/തസ്വഭവ തിരുവനന്തപുരം, തീയതി: 27-09-2025

---

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.01.2022-ലെ ഇ2(എസ്.സി 22/2021/ടിവിഎം)10867/2021 നമ്പർ അന്വേഷണ റിപ്പോർട്ട്.
2. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ഫെയ്സി.എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ ശ്രീമതി.വിനയ ജി.എസ്, ശ്രീ.നിഹാദ്.എ.വി, ശ്രീമതി.സിമി.എസ് എന്നിവർക്ക് 25.06.2022-ന് നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.മുഹമ്മദ് ഷിജാർ. പി -ക്ക് 04.08.2022-ന് നൽകിയ എസ്.എ3/254/2022 പൊ.ഭ.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി. ഷഫീന റഷ്നി. എസ്-ന് 20.01.2025-ന് നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ.മുഹമ്മദ് ഷിജാർ നൽകിയ വിശദീകരണത്തിനുമേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.01.2024-ലെ LSGD/PD/31974/2023-VIG A1 നമ്പർ അഭിപ്രായ റിപ്പോർട്ട്.
6. ശ്രീ.നിഹാദ് എ വി, ശ്രീമതി.വിനയ ജി എസ്, ശ്രീമതി. സിമി എസ്, ശ്രീ.ഫെയ്സി എ എന്നിവർ നൽകിയ വിശദീകരണ ത്തിൻമേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ 11.11.2024 ലെ LSGD/PD/31974/ 2023-VIG A1 നമ്പർ അഭിപ്രായ റിപ്പോർട്ട്.
7. ശ്രീമതി.ഷഫീന റഷ്നി.എസ് നൽകിയ വിശദീകരണ ത്തിനുമേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ 29.07.2025-ലെ LSGD/PD/31974/2023-VIG A1(2) നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിൽ ക്രമക്കേടുണ്ടെന്ന പരാതിയിന്മേൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റ് 16.08.2021 തീയതി പുളിമാത്ത് ഗ്രാമപഞ്ചായത്ത് ആഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത പദ്ധതിയുടെ നടപ്പാക്കലിൽ അപാകതകൾ കണ്ടെത്തുകയും, ചുവടെ പേര് ചേർക്കുന്ന ഉദ്യോഗസ്ഥരെ ഇതിന് ഉത്തരവാദികളായി കണ്ടെത്തുകയും, ടി ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി അവർക്കെതിരെ ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണെന്ന ശുപാർശ ഉൾപ്പെടുത്തിയുള്ള വിശദമായ റിപ്പോർട്ട് പരാമർശം (1) പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

1. ശ്രീമതി.ഷഫീന റഷ്നി എസ്, Empolyee Code 1107163
2. ശ്രീമതി.വിനയ ജി എസ്, VEO പുളിമാത്ത് ഗ്രാമപഞ്ചായത്ത് VEO PEN 812134
3. ശ്രീ.മുഹമ്മദ് ഷിജാർ പി , VEO, PEN 632106.
4. ശ്രീമതി.സിമി എസ്, VEO പുളിമാത്ത് ഗ്രാമപഞ്ചായത്ത് PEN 790373
5. ശ്രീ. ഫെയ്സി എ , കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
6. ശ്രീ.നിഹാദ് എ വി, VEO, PEN 403856.

മേലുദ്യോഗസ്ഥർക്ക് പരാമർശം (2), (3), (4) നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി ടിയാളുകൾ നൽകിയ വിശദീകരണത്തിൻമേൽ പരാമർശം (5), (6), (7) എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത അഭിപ്രായ റിപ്പോർട്ടിലെ പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീമതി. വിനയ ജി എസ്, വി.ഇ.ഒ

ഗുരുതരമായ ഒരു പിഴവോ വീഴ്ചകളോ അല്ല പരിശോധനയിൽ കണ്ടെത്തിയിരിയ്ക്കുന്നതെന്നതിനാൽ വിശദീകരണങ്ങൾ പരിഗണനാർഹ മാണ്. ഗുണഭോക്താക്കൾക്ക് തുക നൽകിയത് അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന പരാമർശത്തിന് ഔദ്യോഗിക കൃത്യനിർവ്വഹണ തിരക്കുകൾക്കിടയിൽ വന്ന പിശക് ക്ഷമിയ്ക്കണമെന്നുള്ള മറുപടി അംഗീകരിയ്ക്കാവുന്നതാണെന്ന് കാണുന്നു.

ശ്രീ.നിഹാദ് എ. വി, വി.ഇ.ഒ

ഗുണഭോക്താക്കൾക്ക് തുക നൽകിയത് അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന പരാമർശത്തിന് ഔദ്യോഗിക കൃത്യനിർവ്വഹണ തിരക്കുകൾക്കിടയിൽ വന്ന പിശക് ക്ഷമിയ്ക്കണമെന്നുള്ള മറുപടി അംഗീകരിയ്ക്കാ വുന്നതാണെന്ന് കാണുന്നു. ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തുക നൽകുന്നതി നാൽ കൈപ്പറ്റ് രസീതോ അക്വിറ്റൻസോ ആവശ്യമില്ലാത്തതാണ്. ഈ ക്ലറിയ്ക്കൽ പിഴവൊഴികെ ഗുരുതരമായ വീഴ്ചകളൊന്നും കണ്ടെത്തിയിട്ടുമില്ല.

ശ്രീമതി.സിമി എസ്, വി.ഇ.ഒ

ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള തിരക്ക് മൂലം സംഭവിച്ചിട്ടുള്ള നോട്ട പിശകും ക്ലറിയ്ക്കൽ പിശകും കാരണമാണ് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിയ്ക്കുന്ന വീഴ്ചകളുണ്ടായതെന്ന വിശദീകരണം പരിഗണനാർഹ മാണെന്ന് കാണുന്നു.

ശ്രീ.ഫെയ്സി എ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഔദ്യോഗിക തിരക്കുകൾക്കിടയിൽ ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്താൻ വിട്ട്പോയതിനാൽ സംഭവിച്ച പിഴവാണെന്നുള്ള വിശദീകരണം അനുഭാവ പൂർവ്വം പരിഗണിയ്ക്കാവുന്നതാണ്.

ശ്രീമതി.ഷഫ്ന റഷ്നി എസ്, വി.ഇ.ഒ

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളായ ശ്രീമതി ഓമന അമ്മ, ശ്രീമതി സിന്ധു, ശ്രീമതി ബേബി, ശ്രീമതി റഹീലാ ബീവി, ശ്രീമതി രാധാ ശശിധരൻ എന്നിവരുടെ അപേക്ഷകളടങ്ങിയ ഫയലിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി ഷഫ്ന റഷ്നി.എസ് ഒപ്പിട്ട സ്ഥല പരിശോധനാ റിപ്പോർട്ട് കണ്ടിരുന്നില്ല എന്ന പരാമർശത്തിന് ഓദ്യോഗിക കൃത്യനിർവഹണത്തിലുള്ള തിരക്ക് കാരണം സംഭവിച്ചിട്ടുള്ള നോട്ട പിശകാണെന്നും ഭവനനിർമ്മാണം സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് പൂർത്തീകരിച്ചിട്ടുള്ളതായി ഉറപ്പുവരുത്തിയിട്ടുള്ളതുമാണെന്നും ശ്രീമതി ഷഫ്ത റഷ്നി.എസ് മറുപടി നൽകിയതായി കാണുന്നു. സ്ഥലപരിശോധനാ റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഒപ്പു വയ്ക്കേണ്ടതാണെങ്കിലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സപ്പോർട്ടിംഗ് സ്റ്റാഫ് സംവിധാനങ്ങളില്ലാതെ വിപുലമായ ചുമതലകൾ നിർവ്വഹിക്കുന്ന സാഹചര്യത്തിലും പദ്ധതി നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥ തന്നെയാണ് പരിശോധനയും നടത്തിയിട്ടുള്ളത് എന്നതിനാലും ഗുരുതരമായ ഒരു പിഴവല്ല എന്നു കണ്ടും നിലവിൽ ടിയാൾ ഈ വകുപ്പ് വിട്ടുപോയിട്ടുള്ള സാഹചര്യത്തിലും വിശദീകരണം അംഗീകരിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ, ആരോപണവിധേയരായ ശ്രീമതി. വിനയ ജി എസ്,വി.ഇ.ഒ, ശ്രീ.നിഹാദ് എ വി ,വി.ഇ.ഒ, ശ്രീമതി. സിമി. എസ്, വി.ഇ.ഒ, ശ്രീമതി ഷഫ്ന റഷ്നി എസ്, മുൻ വി.ഇ.ഒ, ശ്രീ. ഫെയ്സി എ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർക്കെതിരെ കൈകൊണ്ട അച്ചടക്ക നടപടി പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിൽ ശുപാർശ ചെയ്ത പ്രകാരവും, വി.ഇ.ഒ ആയിരുന്ന ശ്രീ.മുഹമ്മദ് ഷിജാർ.പി സർവ്വീസിലെ തുടക്കക്കാരൻ എന്ന നിലയിലുള്ള പരിചയകുറവ് മൂലമാണ് ഫയൽ കൃത്യമായി എഴുതി സൂക്ഷിയ്ക്കാത്ത പിഴവ് ഉണ്ടായിരിക്കുന്നത് എന്ന നിഗമനത്തിലും, ടിയാൻ നിലവിൽ തദ്ദേശ വകുപ്പിൽ നിന്ന് വിടുതൽ വാങ്ങി പൊതുഭരണ സെക്രട്ടേറിയറ്റിൽ സേവനമനുഷ്ഠിയ്ക്കുന്നതായ സാഹചര്യത്തിലും ടി ആറ് ഓഫീസർമാരുടെയും പേരിൽ വിജിലൻസ് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിയ്ക്കുന്ന നടപടി

ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകരുതെന്ന താക്കീത് നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1) ശ്രീ.ഫെയിസി എ, പഞ്ചായത്ത് സെക്രട്ടറി, കിളിമാനൂർ ബ്ലോക്ക്, തിരുവനന്തപുരം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2) ശ്രീമതി.വിനയ ജി.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3) ശ്രീമതി.ഷഫീന റഷ്നി എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4) ശ്രീ.മുഹമ്മദ് ഷിജാർ പി , അസിസ്റ്റന്റ്, പൊതുഭരണ (അക്കൗണ്ട്സ്-എച്ച്) വകുപ്പ്
5) ശ്രീമതി.സിമി എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6) ശ്രീ.നിഹാദ് എ വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
7) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8) പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ്
9) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
10) വിജിലൻസ് (ഡി) വകുപ്പ്
11) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
12) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Dipukumar S L**
**Date: 28-09-2025 11:43:34**

സെക്ഷൻ ഓഫീസർ